"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ശ്രീമതി. ദിവ്യ എൻ, പ്രൊജക്ട് ഓഫീസർ-ടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.240/2024/WCDD തീയതി,തിരുവനന്തപുരം, 17-07-2024

---

പരാമർശം:-

1. സ.ഉ(സാധാ) നം.453/2023/വശിവിവ, തീയതി. 04/08/2023
2. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ 27/06/2024-ലെ A3/1468/2023/KWC നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ വനിതാശിശുവികസന വകുപ്പിന്റെ ജില്ലാ പ്രോഗ്രാം ഓഫീസറായി സേവനമനുഷ്ഠിച്ചുവരവെ, ശ്രീമതി. ദിവ്യ എൻ-നെ പരാമർശം (1) പ്രകാരം കേരള വനിതാ കമ്മീഷനിലെ പ്രൊജക്ട് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. 15/08/2024-ന് അവസാനിക്കുന്ന തന്റെ അന്യത്രസേവന കാലാവധി 16/08/2024 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീമതി. ദിവ്യ എൻ-ന്റെ അപേക്ഷ, ശിപാർശ ചെയ്തുകൊണ്ടും മാതൃവകുപ്പിന്റെ നിരാക്ഷേപപത്രവും സഹിതം പരാമർശം (2) പ്രകാരം കമ്മീഷൻ മെമ്പർ സെക്രട്ടറി ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച്, അന്യത്രസേവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി കേരള വനിതാ കമ്മീഷനിലെ പ്രൊജക്ട് ഓഫീസർ തസ്തികയിലുള്ള ശ്രീമതി. ദിവ്യ എൻ-ന്റെ അന്യത്രസേവന കാലാവധി 16/08/2024 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ്, തിരുവനന്തപുരം (25/06/2024-ലെ DWCD/2902/2023-E9 നമ്പർ കത്ത് പ്രകാരം)

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. ദിവ്യ എൻ, പ്രൊജക്റ്റ് ഓഫീസർ, കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖേന)
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 18-07-2024 12:16:26